നം. എൻ.ഇ.പി.(3)....72133/2016/ഡിപിഐ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി : 18/03.2017

## സർക്കുലർ

**വിഷയം :-** **പൊതുവിദ്യാഭ്യാസം - സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർ മാർക്ക് 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയുടെ ഭാഗമായി അവധിക്കാലത്ത് നടത്തുന്ന ദ്വിദിന പരിശീലനവും ഡി.ആർ.ജി. പരിശീലനവും സംഘടിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.12.2016-ലെ എൻ.ഇ.പി (3) 92196/16 നമ്പർ സർക്കുലർ.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും ഹൈടെക് സ്കൂൾ പദ്ധതിയുടേയും ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക പരിശീലനം ക്രമീകരിക്കുവാൻ സൂചന പ്രകാരം ഐ.ടി.@സ്കൂൾ പ്രോജക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹൈസ്കൂൾ കുട്ടികളുടെ കൂട്ടായ്മ 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായ എല്ലാ വിദ്യാർഥികൾക്കും സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലായി അവധിക്കാലത്ത് ദ്വിദിന പരിശീലനം നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത പരിശീലനത്തിനായി ജില്ലാടിസ്ഥാനത്തിൽ മാർച്ച് 28, 29, 30 തീയതികളിൽ റിസോഴ്സ് ഗ്രൂപ്പ് അധ്യാപക പരിശീലനം സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പരിശീലനം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. പദ്ധതിയിലുൾപ്പെട്ട വിദ്യാർത്ഥികൾക്കായി 2017 ഏപ്രിൽ 6 മുതൽ ദ്വിദിന പരിശീലനം വിദ്യാഭ്യാസ ഉപജില്ലാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത പരിശീലന കേന്ദ്രങ്ങളിൽ ആരംഭിക്കേണ്ടതാണ്.
2. രണ്ട് കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ എന്ന മാനദണ്ഡത്തിൽ പരിശീലന കേന്ദ്രങ്ങളിലെ ഓരോ ബാച്ചിലും 26 മുതൽ 30 വരെ വീതം കുട്ടികളെ പങ്കെടുപ്പിക്കേണ്ടതാണ്.
3. പരിശീലനത്തിനായി കുട്ടികൾ പങ്കെടുക്കേണ്ട ബാച്ചുകൾ നിർണ്ണയിക്കുകയും ഇത് സംബന്ധിച്ച അറിയിപ്പ് സ്കൂൾ ഹെഡ്മാസ്റ്റർ, എസ്ഐറ്റിസി മുഖേന കുട്ടികളെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.
4. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പരിശീലകരെ ജില്ലാതലത്തിൽ തിരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകേണ്ടതാണ്.
5. മാർച്ച് 28 മുതൽ 30 വരെ തെരഞ്ഞെടുത്ത എല്ലാ പരിശീലകർക്കും ജില്ലാതലത്തിൽ ഡി.ആർ.ജി പരിശീലനം നൽകേണ്ടതാണ്. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്ന ഐ.ടി. @ സ്കൂൾ മാസ്റ്റർ ട്രെയിനർമാർക്ക് പ്രതിദിനം 250/- രൂപയും മറ്റ് അധ്യാപകർക്ക് പ്രതിദിനം 400/- രൂപയും ഓണറേറിയമായി നൽകേണ്ടതാണ്.
6. ഓരോ സബ്ജില്ലയിലെയും ചുമതലപ്പെട്ട മാസ്റ്റർ ട്രെയിനറുടെ ഉത്തരവാദിത്തത്തിൽ ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് പരിശീലനങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, ഇലക്ട്രോണിക് കിറ്റുകൾ എന്നിവ പരിശീലനകേന്ദ്രങ്ങളിൽ സജ്ജീകരിക്കേണ്ടതാണ്.

7. മുൻവർഷം സർക്കാർ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ള ഇലക്ട്രോണിക് കിറ്റുകൾ പരിശീലനകേന്ദ്രങ്ങളുടെ സമീപ സ്കൂളുകളിൽ നിന്നും ആവശ്യാനുസരണം ഏറ്റെടുക്കേണ്ടതും പരിശീലനശേഷം തിരിച്ചേൽപ്പിക്കേണ്ടതുമാണ്.

8. പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിനായി ഒരു കുട്ടിയ്ക്ക് പ്രതിദിനം 50/- രൂപ വരെ ചെലവഴിക്കാവുന്നതാണ്.

9. പരിശീലനകേന്ദ്രങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം 18 ൽ കുറവാണെങ്കിൽ ഒന്നും അല്ലാത്തപക്ഷം രണ്ടു പരിശീലകരേയും ഉൾപ്പെടുത്താവുന്നതാണ്. പരിശീലകർക്ക് പ്രതിദിനം 250/-രൂപ ഓണറേറിയമായി നൽകേണ്ടതാണ്.

10. പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഹാജർ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ അതത് ദിവസങ്ങളിൽ പരിശീലകർ രേഖപ്പെടുത്തേണ്ടതാണ്. ഇക്കാര്യം സബ്ജില്ലാ ചുമതലയുള്ള മാസ്റ്റർ ട്രെയിനർ ഉറപ്പുവരുത്തേണ്ടതാണ്.

11. പരിശീലനകേന്ദ്രങ്ങളിൽ കുടിവെള്ളത്തിന്റെ ലഭ്യത, വൃത്തിയുള്ള ശുചിമുറികൾ എന്നിവയും ഉറപ്പുവരുത്തേണ്ടതാണ്.

12. പരിശീലനകേന്ദ്രങ്ങളായ ഹൈസ്കൂളുകൾക്ക് ലാബ് പരിപാലനത്തിനായി പ്രതിദിനം 200/- രൂപ സ്കൂൾ ഐടി അഡ്വൈസറി അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്.

13. പരിശീലനം സംഘടിപ്പിക്കുന്നതിന് ആവശ്യമായ തുക സംബന്ധിച്ച വിശദാംശങ്ങൾ മുൻകൂട്ടി ഐ.ടി.@സ്കൂൾ പ്രോജക്റ്റിലേക്ക് ആവശ്യപ്പെടേണ്ടതും ചെലവഴിക്കുന്ന തുക സംബന്ധിക്കുന്ന വിവരങ്ങൾ DRCMS ൽ ചേർക്കേണ്ടതും രസീത്, വൗച്ചർ തുടങ്ങി എല്ലാ രേഖകളും ഐ.ടി.@സ്കൂൾ പ്രോജക്റ്റിന്റെ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

14. ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിക്കേണ്ടതും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ പ്രോജക്റ്റ്

പകർപ്പ് :

എല്ലാ ഡിഡിഇ, ഡിഇഒമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
സ്റ്റോക്ക് ഫയൽ